# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *404

18.12.2014-ൽ മറുപടിയ്ക്ക്

## മലയോര ഹൈവേ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, കൊടിയേരി ബാലകൃഷ്ണൻ<br>,, എസ്.രാജേന്ദ്രൻ<br>,, ബി.ഡി.ദേവസ്സി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എത്ര കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യമെന്ന് അറിയിക്കാമോ ; | (എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ആകെ ദൈർഘ്യം 1160 കി. മീറ്ററാണ്. |
| (ബി) വനമേഖലയിലൂടെയുള്ള ഈ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ ; | (ബി) വനമേഖലയിലൂടെയുള്ള ഈ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത അനുമതി ലഭിച്ചിട്ടില്ല. |
| (സി) മൂന്നാർ മേഖലയിൽ ഹൈവേ നിർമ്മാണം സംബന്ധിച്ച തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ടോ | (സി) മൂന്നാർ ഉൾപ്പെടുന്ന ഇടുക്കി ജില്ലയിൽ ഹൈവേ നിർമ്മാണം സംബന്ധിച്ച് തർക്കങ്ങളൊന്നും നിലവിലില്ല. എന്നാൽ എറണാകുളം ജില്ലയിലെ എളംബ്ലാശ്ശേരി-ആവറുകുടി മേഖലയിൽ ചില തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ട്. പ്രസ്തുത മേഖലയിൽ കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് തടസ്സം ഉന്നയിക്കുകയും പണി നിർത്തിവെച്ചിരിക്കുകയുമാണ്. |
| (ഡി) ആവറുകുടി-പെരുമ്പൻകുത്ത് ഭാഗത്ത് മലയോര ഹൈവേ നിർമ്മാണം ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നോ ; ഇതനുസരിച്ച് പദ്ധതിക്ക് സർക്കാർ ഭരണാനുമതിയുടെ പ്രത്യേകാനുമതിയും നൽകിയിരുന്നോ ? | (ഡി) ആവറുകുടി-പെരുമ്പൻകുത്ത് ഭാഗത്ത് രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 238/12/ പൊ.മ.വ. തീയതി 16.02.2012 പ്രകാരം എളംബ്ലാശ്ശേരി-ആവറുകുടി ഭാഗത്തെ പ്രവൃത്തികൾക്ക് 4 കോടി രൂപയുടെയും സർക്കാർ ഉത്തരവ് (സാധാ) നം.281/2013/പൊ.മ.വ. തീയതി 23.02.2013 പ്രകാരം 5 കോടി രൂപയുടെയും ഭരണാനുമതിയുടെയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ